**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 323** | **23-06-2026-ൽ മറുപടിയ്ക്ക്**

**ശബരിമല സ്വർണ്ണക്കൊള്ള**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ദീപക് ജോയ്

ശ്രീ. എഫ്. രാജ

ശ്രീ. കെ. ബിനിമോൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ശബരിമല സ്വർണ്ണക്കൊള്ള വിഷയത്തിൽ കുറ്റക്കാരായവരെയെല്ലാം കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** സ്വീകരിക്കും. ഈ വിഷയത്തിൽ ക്രൈം നം.3700/2025, 3701/2025 എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് സമഗ്രമായ അന്വേഷണം നടന്നു വരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ അന്വേഷണത്തിലിരിക്കുന്ന സംഗതിയാകയാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

**(ബി)** ശബരിമല സ്വർണ്ണക്കൊള്ള പോലുള്ള ക്രമക്കേടുകൾ ഭാവിയിൽ ഉണ്ടാവാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ശബരിമല സർണ്ണക്കൊള്ള പോലുള്ള ക്രമക്കേടുകൾ ഭാവിയിൽ ഉണ്ടാവാതിരിക്കാൻ താഴെ പറയുന്ന വിപുലമായ മുൻകരുതലുകളും പരിഷ്കാരങ്ങളും നടപ്പിക്കാൻ ഉദ്ദേശിക്കുന്നു:

1. കേന്ദ്രീകൃത ഐ.ടി. സേവനങ്ങൾ: ക്രമക്കേടുകൾ പൂർണ്ണമായി തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി അത്യാധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കേന്ദ്രീകൃത ഐ.ടി. സംവിധാനങ്ങൾ വിപുലമായി പ്രയോജനപ്പെടുത്തും.
2. തത്സമയ ഓഡിറ്റിംഗും അക്കൗണ്ടിംഗും: ശബരിമല ഫെസ്റ്റിവൽ അക്കൗണ്ടുകൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ തത്സമയം (Real Time) തന്നെ ഓഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. ഇതിനായി ടാലി സോഫ്റ്റ്‌വേയറോ അല്ലെങ്കിൽ മറ്റ് അനുയോജ്യമായ ഐ.ടി. സേവനങ്ങളോ ലഭ്യമാക്കും. ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൾ മകരവിളക്കിന് ശേഷം മൂന്ന് ആഴ്ച്ചയ്ക്കുള്ളിൽ നിർബന്ധമായും പ്രസിദ്ധീകരിക്കും.
3. ഇടനിലക്കാരുടെ ഇടപെടലുകൾ ഒഴിവാക്കൽ: ദേവസ്വം കാര്യങ്ങളിലും, ഭക്തർക്കുള്ള സേവനങ്ങളിലും ഇടനിലക്കാരുടെ ഇടപെടലുകൾ പരമാവധി കുറയ്ക്കും.
4. ടെണ്ടർ, കരാർ വ്യവസ്ഥകളുടെ കർശനമായ പുനഃപരിശോധന: സുതാര്യത ഉറപ്പാക്കാൻ എല്ലാ ടെണ്ടർ രേഖകളും കരാറുകളും ഒരു മാസത്തിനകം കർശനമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കി പരിഷ്കരിക്കും. സ്വയം പ്രത്യക്ഷമാകുന്ന സ്പോൺസർമാരുടെ ഓഫറുകളെ പ്രോത്സാഹിപ്പിക്കില്ല.

5. പ്രൊഫഷണൽ മാനേജ്മെന്റ് പുന:സംഘടന: ശബരിമല തീർത്ഥാടനത്തിന്റെ സംഘടനയും മാനേജ്മെന്റും പൂർണ്ണമായും പ്രൊഫഷണൽ രീതിയിൽ പുനഃസംഘടിപ്പിക്കുകയും ഉത്തരവാദിത്തങ്ങൾ കർശനമായി നിശ്ചയിക്കുകയും ചെയ്യും.
6. ജീവനക്കാരുടെ പുന:ക്രമീകരണവും പരിശീലനവും: നിലവിലുള്ള ഡ്യൂട്ടി പോയിന്റുകളും ജോലികളും പുനഃക്രമീകരിക്കും. എല്ലാ വിഭാഗങ്ങളിലെയും ശബരിമല ഡ്യൂട്ടി സ്റ്റാഫുകൾക്ക് ആഗസ്റ്റ്,സെപ്റ്റംബർ മാസങ്ങളിൽ പ്രത്യേക പരിശീലന പരിപാടികൾ നിർബന്ധമാക്കും. ദിവസവേതന തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറച്ച് നിരീക്ഷണം ശക്തമാക്കും.

**(സി)** ഈ വിഷയത്തിൽ വിശ്വാസിസമൂഹത്തിനുള്ള ആശങ്കകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശബരിമലയിലെ ക്രമക്കേടുകൾ വിശ്വാസസമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ പൂർണ്ണമായും പരിഹരിക്കുന്നതിനും ഭക്തജനങ്ങളുടെ വിശ്വാസ്യത തിരിച്ചുപ്പിടിക്കുന്നതിനുമായി സർക്കാർ /ദേവസ്വം ഭരണസംവിധാനം അതീവ ജാഗ്രതയോടെയുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്:

1. ഭക്ത സൗഹൃദ അന്തരീക്ഷവും ആശയവിനിമയവും: ഓരോ തീർത്ഥാടകനും തന്റെ ആവശ്യങ്ങൾ സൗഹൃദപൂർണ്ണമായി പരിഗണിക്കപ്പെടുന്നു എന്ന് അനുഭവവേദ്യമാകുന്ന രീതിയിൽ വിപുലമായ മാറ്റങ്ങൾ വരുത്തും. ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണെന്ന ആശയം വ്യക്തമാക്കുന്ന തരത്തിലായിരിക്കും തുടർന്നുള്ള പ്രവർത്തനങ്ങൾ.
2. പരാതി പരിഹാരത്തിന് പ്രത്യേക ടീം: ഭക്തരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ ഇമെയിലുകൾക്കും കത്തുകൾക്കും ഒരു ദിവസത്തിനകം കൃത്യമായ മറുപടിയും പരിഹാരവും നൽകാൻ പ്രത്യേക ടീമിനെ നിയോഗിക്കും.
3. ബഹുഭാഷാ അറിയിപ്പുകൾ: ആശയവിനിമയത്തിലെ സുതാര്യതയ്ക്കായി എല്ലാ ബോർഡുകളും അറിയിപ്പുകളും മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, കന്നഡ, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ കൂടി ലഭ്യമാക്കും.
4. സേവനങ്ങളുടെ നിലവാരം ഉയർത്തൽ: സുരക്ഷ, ശുചിത്വം, മികച്ച താമസ- അന്നദാന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കി ശബരിമല തീർത്ഥടനത്തിന്റെ നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്തും. ഇതിലൂടെ ഭക്തർക്ക് പൂർണ്ണമായ മാനസിക സംതൃപ്തിയും സുരക്ഷിതത്വബോധവും ഉറപ്പുവരുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**